**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4248 — 24.10.2016 ൽ മറുപടിക്ക്

## പി.എച്ച്.സി കളെ സി.എച്ച്.സി കളാക്കി ഉയർത്തുന്ന നടപടി

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിലെ മാറാക്കര, വളാഞ്ചേരി,കോട്ടക്കൽ, പൊൻമള എന്നീ പി.എച്ച്.സി കളെ സി.എച്ച്.സി കളാക്കി ഉയർത്തണമെന്ന നിവേദനത്തിൻമേൽ ബഹു.മന്ത്രി കഴിഞ്ഞനിയമസഭയിൽ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ)<br>&<br>(ബി) | കോട്ടക്കൽ നിലവിൽ സാമൂഹികാരോഗ്യകേന്ദ്രമാണ്. വളാഞ്ചേരി 24 x 7 പി.എച്ച്.സിയെ സാമൂഹികാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ മലപ്പുറം ജില്ലാ മെഡിക്കൽ ആഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൊൻമള, മാറാക്കര എന്നിവ നിലവിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണ്. പദവി ഉയർത്തുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും പരിഗണനയിലില്ല. |
| (ബി) | ഇത് സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസറും ആരോഗ്യവകുപ്പ് ഡയറക്ടറും നൽകിയ വിശദാംശങ്ങൾ അറിയിക്കുമോ; | | |
| (സി) | പ്രസ്തുത പി.എച്ച്.സി കളെ 24 മണിക്കൂറും പ്രവർത്തിക്കുന്ന സെന്ററുകളാക്കി ഉയർത്തിക്കൊണ്ടുള്ള ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കൂടുതൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനേക്കാൾ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ